7. എറണാകുളം ഇൻഫോപാർക്കിൽ 10,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാർട്ടപ്പ് വെയർ ഹൗസ് സ്ഥാപിച്ചു

8. ഇൻകുബേഷൻ കഴിഞ്ഞ കമ്പനികൾക്ക് അവയുടെ വികസനത്തിനായി ടെക്നോളജി ബിസിനസ് ആക്സിലറേറ്ററുകൾ കിൻഫ്രയുടെ ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്ഥാപിച്ചു

## ഓട് കമ്പനികൾക്ക് കളിമണ്ണ് ഖനനത്തിനുള്ള അനുമതി

217 (602) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓട് കമ്പനികൾക്ക് ആവശ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടം (9) പ്രകാരം കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമായിരുന്നു. ടി ചട്ടത്തിൽ 22-12-2015-ലെ GO(P) 175/2015/ID നമ്പർ ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് കളിമണ്ണ് ഖനനത്തിന് പെർമിറ്റ് അനുവദിക്കുന്നതിന് പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ടി ചട്ടങ്ങളിലെ ചട്ടം 4(2)(f) പ്രകാരം ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ നിയോഗിക്കുന്ന ജില്ലാതല വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം ജില്ലാ കളക്ടറിൽ നിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ജില്ലാതല വിദഗ്ധ സമിതിയിലെ സർക്കാർ നോമിനികളെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

## കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

218 (603) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരിങ്കൽ ക്വാറിയുമായി ബന്ധപ്പെട്ട് എത്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ ബിസ്മി ഗ്രാനൈറ്റ്സ് പൂട്ടാൻ ഉത്തരവ് ഇറക്കിയതിനുള്ള കാരണം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly